# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 803 — 11.03.2015- ൽ മറുപടി.

## പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകൾ എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും ഈ തുക ആരുടെ പേരിൽ ആണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് വേണ്ടി പട്ടികജാതി വികസന വകുപ്പ് 2012-13-ൽ 46.73 കോടി രൂപയും 2013-14-ൽ 55 കോടി രൂപയും 2014-15-ൽ 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെയും പാലക്കാട് മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസറുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. |
| (ബി) ഈ മെഡിക്കൽ കോളേജിനായി എസ്.സി.പി ഫണ്ട് അല്ലാതെ മറ്റ ഫണ്ടുകൾ നീക്കിവെച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ